സമർപ്പിക്കേണ്ടതാണ്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന നിയമം അടിസ്ഥാനമാക്കി അപേക്ഷകൾ ലഭ്യമാക്കുന്നതിന്റെ സീനിയോറിറ്റി പ്രകാരം ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കുകയും അപേക്ഷകൾ KCZMA മീറ്റിംഗിൽ പരിഗണിക്കുകയും ചെയ്യുന്നു. മിനിട്സിന് അംഗീകാരം ലഭിച്ച ശേഷം ബന്ധപ്പെട്ട കക്ഷികളെ തീരുമാനം അറിയിക്കുന്നു. കടലിൽനിന്നും 500 മീ. ദൂരം തീരദേശ നിയന്ത്രണമേഖലയാണ്. CRZ Clearance-ന വേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ തീർപ്പാക്കി വരുന്നു.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ അധികാരികളിൽ നിന്ന് 1-7-2017 മുതൽ 28-2-2018 വരെ 175 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ പൂവ്വാറിൽ നിന്നുള്ള രണ്ട് അപേക്ഷകൾ ഉൾപ്പെടുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) അപേക്ഷകൾ ലഭ്യമാകുന്നതിന്റെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് തീർപ്പാക്കുന്നത്.

## മൺറോതുരുത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ

30 (1570) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മൺറോതുരുത്ത് എന്ന സ്ഥലത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൺറോതുരുത്തിനെ പുനരുജ്ജീവിപ്പിക്കാനും പുന: സൃഷ്ടിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) മൺറോതുരുത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി കമ്മിറ്റി എന്തെങ്കിലും ശിപാർശകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മൺറോതുരുത്തിനെ പുനരുജ്ജീവിപ്പിക്കാനും പുനഃസൃഷ്ടിക്കാനുമായി ഒരു പ്രൊപ്പോസൽ തയ്യാറാക്കി 15-2-2018-ന് ചേർന്ന ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ഗവേണിംഗ് ബോഡി യോഗത്തിൽ അവതരിപ്പിക്കുകയും 2018 ഫെബ്രുവരി 18, 19 തീയതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയിലെ വിവിധ വിദഗ്ധരെ പങ്കെടുപ്പിച്ച് നടത്തിയ ദ്വിദിന ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾകൂടി ഉൾപ്പെടുത്തി പ്രസ്തുത പ്രൊപ്പോസൽ നടപ്പാക്കാനും ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയുടെ പദ്ധതി മൺറോതുരുത്തിൽ നടപ്പാക്കാനും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ഗവേണിംഗ് ബോഡി തീരുമാനിച്ചിട്ടുണ്ട്.

(സി) നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

**ജൈവ വൈപ്പിൻ പദ്ധതിക്ക് പാരിസ്ഥിതികാനുമതിക്കുള്ള നടപടി**

31 (1571) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന ജൈവ വൈപ്പിൻ പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) അനുമതി നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രം**

32 (1572) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ ആശ്രാമം പ്രദേശത്തെ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന സ്ഥലം ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം സർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയാണ് പ്രസ്തുത പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവ വൈവിധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്യുന്ന മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളോ വ്യവസ്ഥകളോ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly